# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1786 17.03.2015 -ലെ മറുപടിയ്ക്ക്**

## കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി. എൻ.പ്രതാപൻ<br>ശ്രീ .വി. ഡി. സതീശൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് നൂറു ദിന കർമ്മ പരിപാടി രൂപീകരിക്കുകയും അതിന്റെ ഭാഗമായി 2014 മെയ്- ജൂൺ മാസങ്ങളിൽ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയും ഉണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഫയൽ തീർപ്പാക്കൽ പുരോഗതി പരമാവധി കൈവരിയ്ക്കുക എന്നതും ഫയൽ കെട്ടിക്കിടക്കുന്ന സാഹചര്യം ഉണ്ടാകാതെ സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | അവയുടെ തീർപ്പാക്കലുമാണ് മേൽപ്പറഞ്ഞ പദ്ധതികൾ ലക്ഷ്യമിടുന്നത്. |
| (സി) | സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങൾക്ക് ലഭിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | ഫയൽ അദാലത്തുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ വിശദമായി പരിശോധിക്കാനും അവയിൽ നടപടി എടുക്കുവാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള തീരുമാനവും സാധ്യമെങ്കിൽ ആ സമയത്ത് തന്നെ എടുക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി മാറ്റിവയ്ക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാനും കമ്പ്യൂട്ടർവൽക്കരണം, പഞ്ചദിനചട്ടം, സേവനാവകാശ നിയമം, ഇ - ഫയലിംഗ്, ഇ - ടെന്ററിംഗ്, ഐഡിയാസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ഡി) | ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | നൂറുദിന കർമ്മ പരിപാടി പ്രകാരമുള്ള ഫയൽ അദാലത്ത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലെ സ്പെഷ്യൽ ഡ്രൈവ് ടീമിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയത്. ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്ത് അതാത് വകുപ്പദ്ധ്യക്ഷൻമാരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിയത്. ഓരോ മാസവും അദാലത്തു നടത്തുന്നതിനായി അതാത് വകുപ്പ് മേധാവികൾ നേതൃത്വം നൽകുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ